**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| | | |
|---|---|---|
| **നവംബർ** | | |
| **NOVEMBER** | **27** | **2019** |



## ശബരിമല പത്രക്കുറിപ്പ്–1


ഫോൺ : 04735–202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

**സന്നിധാനം ഇന്ന്(28 -11 -2019)പന്ത്രണ്ട് വിളക്കിന്റെ നിറവിൽ**

അയ്യന്റെ സന്നിധിയിൽ ഇന്ന് പന്ത്രണ്ട് വിളക്ക്. തുലാംമാസം ഒന്നാം തിയ്യതി മുതൽ ഓച്ചിറ ഭാഗത്തെ ഭക്താർ മാലയിട്ടാൽ 12 വിളക്ക് കഴിഞ്ഞ് 41 ദിവസത്തെ വ്രതമാചരിക്കും. 12 വിളക്ക് കഴിഞ്ഞാൽ ഭക്തർ ശബരിമലയിലേയ്ക്ക് വരുന്നു എന്നതാണ് ഐതിഹ്യം. പണ്ടുകാലത്ത് പന്ത്രണ്ട് വിളക്ക് കഴിയുന്നതുവരെ ജനങ്ങൾ ദേശംവിട്ട് പൊയ്ക്കൂടാ എന്നൊരു വിശ്വാസവും നിലവിലുണ്ടായിരുന്നു.ഇപ്പോഴും മലയാളികളുടെ വരവിൽ വർദ്ധനവ് കണ്ടുവരുന്നത് പന്ത്രണ്ടവിളക്കിന് ശേഷമാണ്.

(പി.ആർ. ശബരി–79)

## നവഗ്രഹക്ഷേത്രത്തിൽ നവഗ്രഹ അർച്ചനകൾക്ക് തിരക്കേറുന്നു

മാളികപ്പുറം ദേവീക്ഷേത്രത്തിന് സമീപമുള്ള നവഗ്രഹക്ഷേത്രത്തിൽ അർച്ചനകളും വഴിപാടുകളും നടത്തുവാൻ തിരക്കേറുന്നു.

നവഗ്രഹപൂജയാണ് ഇവിടുത്തെ ശ്രേഷ്ഠമായ വഴിപാട്. സംസ്ഥാനത്തേയും തമിഴ്നാട്, ആന്ധപ്രദേശ്, കർണാടക തുടങ്ങിയ ഇതരസംസ്ഥാനത്ത് നിന്നുള്ള അയ്യപ്പൻമാരും മാളികപ്പുറങ്ങളും നവഗ്രഹ അർച്ചനകൂപ്പണുകൾ എടുക്കുന്നുണ്ട്. 250രൂപയാണ് നവഗ്രഹപൂജയ്ക്ക്. ഇതുകൂടാതെ ശനി, ചന്ദ്രൻ, വ്യാഴം, രാഹു, കേതു, ചൊവ്വ എന്നീ ഗ്രഹങ്ങൾക്കും പ്രത്യേകപൂജ നടത്താറുണ്ട്. 50രൂപയാണ് കൂപ്പണിന്. കണ്ഠകശനി, ഏഴരശനി തുടങ്ങി ശനിയുടെ അപഹാരമുള്ളവർക്ക് ശനിയെ പ്രീതിപ്പെടുത്തുവാനും അർച്ചനകൾ നടത്താറുണ്ട്.

ദാഹശമനത്തിന് ഔഷധകുടിവെള്ളം 24 മണിക്കൂറും
മലകയറി അയ്യപ്പദർശനം നടത്താൻ എത്തുന്ന തീർഥാടകർ ദാഹിച്ചു വലയാതിരിക്കാൻ ദേവസ്വം ബോർഡിന്റെ ഔഷധ കുടിവെള്ള വിതരണം. ചുക്കും, പതിമുഖവും, രാമച്ചവും ഉപയോഗിച്ചു തയാറാക്കുന്ന ഔഷധ കുടിവെള്ളം വിതരണം ചെയ്യുന്നു കൗണ്ടറുകൾ 24 മണിക്കൂറും സജ്ജമാക്കിയിരിക്കുകയാണ് ദേവസ്വം ബോർഡ്. തിളപ്പിച്ച ഔഷധ കുടിവെള്ളത്തിന്റെ വിതരണത്തിനായി 40 കൗണ്ടറുകളാണ് നീലിമല മുതൽ പാണ്ടിതാവളം വരെ ഒരുക്കിയിരിക്കുന്നത്. 305 ജീവനക്കാരെയാണ് കുടിവെള്ള വിതരണത്തിനായി നിയോഗിച്ചിട്ടുള്ളത്.
സന്നിധാനത്ത് സോപാനം, വലിയനടപന്തൽ, മാളികപ്പുറം, പാണ്ടിതാവളം, അന്നദാന മണ്ഡപം, ആഴി, വെള്ളനിവേദ്യം കൗണ്ടർ എന്നിവിടങ്ങളിലാണ് കുടിവെള്ള വിതരണ കൗണ്ടറുകൾ ഉള്ളത്. 20 കൗണ്ടറുകളിൽ ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് അവിടെത്തന്നെ വെള്ളം തിളപ്പിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ചുക്ക്, പതിമുഖം, രാമച്ചംഎന്നിവ ചേർത്താണ് ഔഷധ കുടിവെള്ളം നിർമ്മിക്കുന്നത്.

(പി.ആർ. ശബരി–80)

## ആഗ്രഹസാഫല്യത്തിന് ഭസ്മകുളത്തിലെ മുങ്ങിക്കുളി

ശബരിമലയിൽ എത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് മനഃസുഖത്തിനും ശാന്തിക്കുമായി ഭസ്മക്കുളത്തിൽ സ്നാനം ചെയ്യുക പതിവാണ്. മുമ്പ് ഇവിടെയെത്തി മുങ്ങിക്കുളിച്ച് ദേഹശുദ്ധിവരുത്തിയ ശേഷമായിരുന്നു ഭക്തർ അയ്യനെ വണങ്ങാറുള്ളത്. വർഷങ്ങൾക്ക് മുൻപ് സന്നിധാനത്തെ ഫ്ളൈഓവറിന് സമീപമായിരുന്നു കുളം എങ്കിലും, പിന്നീട് തീർത്ഥാടക തിരക്ക് വർധിച്ചതോടെ ഭക്തരുടെ സൗകര്യാർത്ഥം ശ്രീകോവിലിന് പിൻഭാഗത്ത് താഴെയായി ജലരാശി കണ്ടെത്തി ഇവിടേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു.

ഇപ്പോൾ മാളികപ്പുറത്തുനിന്നു 100 മീറ്റർ അകലെയാണ് കുളം. ക്ഷേത്രത്തിലെ പൂജാരിമാർ ഭസ്മക്കുളത്തിൽ മുങ്ങിക്കുളിച്ചാണ് ശാന്തി നടത്തിയിരുന്നത്. ശാന്തിക്കായി ഉപയോഗിച്ചിരുന്ന പാത്രങ്ങളും മറ്റും വൃത്തിയാക്കുന്നതിനു ഭസ്മക്കുളത്തിനു സമീപം പാത്രക്കുളവുമുണ്ട്. നാലുവശവും കൽപ്പടവുകളാൽ നിർമ്മിതമായതും നടുക്ക് കരിങ്കൽ പാകിയതുമാണ് ഭസ്മക്കുളം. പഴയ ഭസ്മക്കുളത്തിൽ ഉരക്കുഴി

തീർത്ഥത്തിൽ നിന്നുമുള്ള ജലമാണ് എത്തിയിരുന്നത്. ഭസ്മക്കുളത്തിൽ മുങ്ങിക്കുളിച്ച് സന്നിധാനത്തു ശയനപ്രദിക്ഷിണം നടത്തിയാൽ ആഗ്രഹസാഫല്യം ഉണ്ടാകുമെന്നാണു വിശ്വസിച്ചുപോരുന്നത്. ഭസ്മക്കുളത്തിൽ കുളിക്കുന്നവർ സോപ്പോ, എണ്ണയോ ഉപയോഗിച്ച് ജലം മലിനപ്പെടുത്താൻ പാടില്ല.

(പി.ആർ. ശബരി–81)

## ശത്രുദോഷമകലാൻ പറകൊട്ടിപ്പാട്ട്

മാളികപ്പുറം ശ്രീകോലിനു സമീപം അയ്യപ്പൻ ആദ്യമായി ശബരിമലയിൽ ഇരുന്ന സ്ഥലമെന്നു കരുതിപ്പോരുന്ന മണിമണ്ഡപത്തിനടുത്താണ് പറകൊട്ടിപ്പാട്ട് നടന്നു വരുന്നത്. രാവിലെ നട തുറക്കുന്നത് മുതൽ നട അടയ്ക്കുന്നതു വരെ ഇവിടെ പറകൊട്ടിപ്പാട്ട് കാണാം. ഹിന്ദു വേലൻ സമുദായത്തിൽപ്പെട്ടവരാണ് പറകൊട്ടി പാടുന്നത്. ശത്രുദോഷവും ശനിദോഷവും അകറ്റുന്നതിനായാണ് പറകൊട്ടി പാടിക്കുന്നത്. പന്തളത്ത് മണികണ്ഠൻ വസിച്ചിരുന്ന സമയത്ത് രാജ്ഞിയും മന്ത്രിയും അയ്യപ്പനെ ഒഴിവാക്കുന്നതിനായി ആഭിചാരകർമ്മങ്ങൾ നടത്തിയെന്നും മണികണ്ഠനെ രക്ഷിക്കുന്നതിനായി പിതാവായ ശിവൻ വേലന്റെ വേഷത്തിലെത്തി പറകൊട്ടി പാടി ശത്രുദോഷം അകറ്റിയെന്നുമാണു ഐതിഹ്യം. ശബരിമലയിൽ തീപിടുത്തം പോലുള്ള അനിഷ്ടസംഭവങ്ങൾ തുടർക്കഥയായതോടെ ദേവ പ്രശ്നം വയ്ക്കുകയുണ്ടായി. ഭക്തരുടെ അശുദ്ധിയാണ് ദോഷങ്ങൾക്കു കാരണമെന്നും വേലൻമാരെ കൊണ്ടുവന്നു പറകൊട്ടി പാടിച്ച് ദോഷങ്ങൾ മാറ്റിയശേഷം മാത്രമേ ഭക്തർ പതിനെട്ടാംപടി ചവിട്ടാകുവെന്നും ദേവവിധിയുണ്ടായി.പണ്ട് ശിവൻ പറകൊട്ടി പാടിയതിനു ദക്ഷിണ നൽകാതിരുന്നതും ദേവ പ്രശ്നത്തിൽ തെളിഞ്ഞു. ആദ്യക്കാലത്ത് പതിനെട്ടാം പടിക്കു താഴെയായിരുന്നു പറകൊട്ടി പാടിയിരുന്നതെന്നു പറയപ്പെടുന്നു. തിരക്കു വർധിച്ചതോടെ ഭക്തരുടെ സൗകര്യർഥമാണ് ഇന്നു കാണുന്ന മണിമണ്ഡപത്തിനു സമീപത്തേക്കും ഇവർ മാറിയത്. മുടി മുതൽ കാൽ നഖംവരെ പ്രതിപാദിക്കുന്ന കേശാദിപാദമാണ് പറകൊട്ടിപ്പാടുന്നതിനു ഉപയോഗിക്കുന്നത്.

(പി.ആർ. ശബരി–82)

## അധ്വാനം ശരണമന്ത്രമാക്കി സന്നിധാനത്തെ കൊപ്രാക്കളം

## ഇത്തവണ ലേലം പിടിച്ചത് അഞ്ച് കോടി 19ലക്ഷം രൂപയ്ക്ക്

നെയ്യഭിഷേകപ്രിയനായ സ്വാമിഅയ്യപ്പനെ നാളികേരപ്രിയനെന്നും വിശേഷിപ്പിക്കാറുണ്ട്. കേരളത്തെ കേരളമാക്കിയ നാളികേരമാണ്

നെയ്യ്കഴിഞ്ഞാൽ അയ്യപ്പന്റെ ഇഷ്ടനിവേദ്യം. അതുകൊണ്ടാണ് ശബരിമല തീർത്ഥാടകരായ അയ്യപ്പ□ാർ പമ്പയിലും സന്നിധാനത്ത് പതിനെട്ടാംപടിയ്ക്ക് അരികിലും തേങ്ങയുടയ്ക്കുന്നതും അഭിഷേകത്തിനുള്ള നെയ്യ് തേങ്ങയിൽ നിറച്ച് കൊണ്ടുവരുന്നതും.

ഇക്കുറി മാർക്കറ്റിങ് കോ-ഓപ്പറേറ്റീവ് ഫെഡറേഷനാണ് കൊപ്രയ്ക്കായുള്ള ലേലാവകാശം. അഞ്ച് കോടി 19ലക്ഷം രൂപയ്ക്കാണ് മാർക്കറ്റിങ് ഫെഡ് ലേലം പിടിച്ചത്. കൊപ്രാ പ്രോസസിങിന് റാന്നി സ്വദേശിയായ സി.കെ. ബാലൻ എന്നയാളുമായി മാർക്കറ്റിങ് ഫെഡ് കരാറുണ്ട്. സി.കെ. ബാലന്റെ ചുമതലയിലാണ് കൊപ്രാക്കളത്തിലെ പ്രവർത്തികൾ നടക്കുന്നത്. ആറ് കങ്കാണിമാരുടെ നേതൃത്വത്തിലാണ് തൊഴിലാളികളെ വിന്യസിച്ചിരിക്കുന്നത്. തൊഴിലാളികൾക്കായി പ്രത്യേകം മെസ്സും ഒരുക്കിയിട്ടുണ്ട്. അഞ്ച് പാചകക്കാരാണിവിടെയുള്ളത്.

വർഷംന്തോറും മലകയറുന്ന തീർത്ഥാടകർ നിവേദ്യമായി കൊണ്ടുവരുന്ന നാളികേരം നശിച്ചുപോകാതെ സംഭരിച്ചും സംസ്ക്കരിച്ചും തിരിച്ച് നാട്ടിലെത്തിക്കുന്ന ഒരുവലിയ വിഭാഗമുണ്ട് ശബരിമലയിൽ. നടതുറക്കുമ്പോൾ തീർത്ഥാടകർക്കൊപ്പം മലകയറുകയും ഒടുവിൽ മകരവിളക്ക് ഉൽസവംകഴിഞ്ഞ്
നട അടച്ച് ദിവസങ്ങൾ കഴിഞ്ഞ് മലയിറങ്ങുകയും ചെയ്യുന്നവർ.

അത്രയുംകാലം അധ്വാനം മാത്രം വ്രതമാക്കി സന്നിധാനത്തെ കൊപ്രാക്കളത്തിൽ രാപ്പകൽ തൊഴിലെടുക്കുന്ന കൊപ്രാതൊഴിലാളികൾ. പത്തുമാസം നാട്ടിൽ എല്ലുമുറിയെ പണിതാലും ദുർവ്യയങ്ങളും ദുശ്ശീലങ്ങളും കീശകാലിയാക്കുമ്പോൾ ഇവിടെ അയ്യപ്പസ്വാമിയുടെ പ്രസാദം ഭക്ഷിച്ച് അധ്വാനം ഭക്തിയാക്കി മാറ്റി ജോലി ചെയ്ത് ഇത്തിരിയെങ്കിലും സമ്പാദിക്കുന്നവർ. പലർക്കും ഈ രണ്ട്മാസം ചില്ലറകാശ് കീശയിലുണ്ടാകുന്ന കാലമാണ്.

അയ്യപ്പഭക്തിയോടൊപ്പം അധ്വാനത്തിന്റെ വിയർപ്പും ഉപ്പും പുരളുന്ന കഥകളാണ് ശബരിമലയിലെ കൊപ്രാക്കളങ്ങൾക്ക് പറയുവാനുള്ളത്. തുടക്കമായതിനാൽ ഏകദേശം ഇരുന്നൂറിനടുത്ത് തൊഴിലാളികളാണ് ഇപ്പോൾ സന്നിധാനത്തെ കൊപ്രാക്കളത്തിൽ പണിയെടുക്കുന്നത്. പുലർച്ചെ നാലിനാരംഭിക്കുന്ന ജോലി രാവിലെ പത്തുമണിയോടെ തീരും. പിന്നീടങ്ങോട്ട് മുഴുവൻ അധികസമയ ജോലിയിലാണവർ, അധികവരുമാനവുമുണ്ട്. ദേവസ്വത്തിന്റെ ആവശ്യം കഴിഞ്ഞ് ശേഖരിക്കുന്ന തേങ്ങ പുകകയറ്റി കാമ്പുമാറ്റി വെയിലത്തോ, ഡ്രയറിലോ, ചേരിലോ ഉണക്കി കൊപ്രയാക്കി മാറ്റുന്ന പ്രവൃത്തിയാണ് കൊപ്രാക്കളത്തിൽ നടക്കുന്നത്. പിന്നീടവ ട്രാക്ടറിൽ പമ്പയിലെത്തിക്കും.

വർഷങ്ങളുടെ പഴക്കമുണ്ട് സന്നിധാനത്തെ കൊപ്രാക്കളത്തിന്. പണ്ട് കാടുവെട്ടി കളമൊരുക്കി, മരംവെട്ടി വിറകാക്കിയായിരുന്നു കൊപ്രാസംസ് കരണം. വന്യമൃഗങ്ങളുടേയും പാമ്പിന്റേയും ശല്യം രൂക്ഷമായിരുന്നു അന്ന്. ക്ഷേത്രപരിസരം വികസിക്കുന്നതിനനുസരിച്ച് കൊപ്രാക്കളത്തിന്റെ

സ്ഥാനവും മാറി. എങ്കിലും ശബരിമല ക്ഷേത്രത്തിന്റെ വികസനചരിത്രത്തിൽ കൊപ്രാക്കളങ്ങൾക്കും അവിടുത്തെ തൊഴിലാളികൾക്കും വലിയസ്ഥാനമുണ്ടെന്ന് പറയാതെ വയ്യ.

(പി.ആർ. ശബരി-83)

## അയ്യപ്പസ്വാമിമാർക്ക് പാനനാശിനിയായി ഉരക്കുഴി സ്നാനം

അയ്യപ്പാനുഗ്രഹത്തിനായി മലകയറുന്ന തീർത്ഥാടകർക്ക് പാപമോക്ഷത്തിനായുള്ള പുണ്യതീർത്ഥമായി പാണ്ടിത്താവളത്തിനടുത്തെ ഉരക്കുഴി ജലപാതം. അയ്യപ്പദർശനശേഷം ഇവിടെ മുങ്ങിക്കുളിച്ചാണ് മിക്കവരും മലയിറങ്ങുന്നത്. പരമ്പരാഗത കാനനപാതവഴി സന്നിധാനത്ത് വരുന്നവർ ഇവിടെ മുങ്ങിയതിന്ശേഷം ദർശനം നടത്തുന്നു.

മഹിഷീ നിഗ്രഹത്തിനുശേഷം അയ്യപ്പൻ ഈ കാനനതീർത്ഥത്തിൽ മുങ്ങിക്കുളിച്ച് സന്നിധിയിൽ എത്തിയെന്നാണ് വിശ്വാസം. ഇതിന്റെ ചുവട് പിടിച്ചാണ് അയ്യപ്പഭക്തർ ഉരക്കുഴി വെള്ളച്ചാട്ടത്തിൽ മുങ്ങിക്കുളിക്കുന്നത്. പമ്പാനദിയുടെ കൈവഴിലെ കുമ്പളം തോട്ടിൽനിന്നും പാറക്കെട്ടുകൾക്കിടയിലൂടെ താഴേക്ക് പതിക്കുന്ന വെള്ളച്ചാട്ടത്തിന് കീഴെയാണ് ഉരക്കുഴി തീർത്ഥം. വെള്ളം സ്ഥിരമായി പതിച്ച പാറ ഉരൽപോലെ കുഴിയായെന്നും ഉരൽക്കുഴി ലോപിച്ച് ഉരക്കുഴി ആയെന്നുമാണ് വിശ്വാസം. ഒരുസമയം ഒരാൾക്ക് മാത്രമാണിവിടെ മുങ്ങിക്കുളിക്കാൻ കഴിയുക. ഉരൽക്കുഴിയിലെ കുളി പാപനാശിനിയാണെന്ന് ഭക്തർ കരുതുന്നു. അയ്യപ്പദർശനത്തിന് മുൻപും ദർശനത്തിന് ശേഷവും ഇവിടെയത്തി മുങ്ങിക്കുളിച്ചാൽ പാപമോക്ഷം നേടുമെന്നാണ് വിശ്വാസം. ഉരക്കുഴി കാണാനും ഇവിടെ കുളിക്കാനുമായി നിരവധി ഭക്തരാണെത്തുന്നത്.

(പി.ആർ. ശബരി-84)

## കാനനപാത സജീവമായി തുടങ്ങുന്നു
## ഇതുവരെ 1400ലേറെ പേർ കാനനപാത വഴിയെത്തി

മണ്ഡല-മകരവിളക്കുൽവത്തിന് നട തുറന്നതോടെ പരമ്പരാഗത കാനനപാതയിലൂടെയുള്ള അയ്യപ്പഭക്തരുടെ വരവും തുടങ്ങി. നട തുറക്കുന്നതിന് മുൻപായി കാനനപാത ഫോറസ്റ്റ് ഉദ്യോഗസ്ഥരും ദേവസ്വംബോർഡും ചേർന്ന് വൃത്തിയാക്കിയിരുന്നു. നട തുറന്നദിവസം 145 സ്വാമിമാരാണ് കാനനപാതവഴി സന്നിധാനത്തെത്തിയത്. 11 ദിവസത്തിനിടെ ഇതുവരെ 1400ലേറെ പേർ കാനനപാതയിലൂടെ സന്നിധാനത്തെത്തി. രാവിലെ ആറുമുതൽ ഉച്ചയ്ക്ക് രണ്ടുവരെ മാത്രമാണ് കാനനപാതയിലൂടെയുള്ള സഞ്ചാരം അനുവദിച്ചിരിക്കുന്നത്.


ആനതാരകളുള്ളതിനാൽ രാത്രികാലങ്ങളിൽ കാനനപാതയിലൂടെയുള്ള സഞ്ചാരം അപകടകരമാണെന്നാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ. പരിശോധനയ്ക്കായി ചെക്പോസ്റ്റുകളും പാതയിൽ സ്ഥാപിച്ചിട്ടുണ്ട്. കാനനപാതവഴി വരുന്നവർ ഉരക്കുഴിയിൽ മുങ്ങിക്കുളിച്ചാണ് ഭഗവത്ദർശനം നടത്തുന്നത്. വരുംദിവസങ്ങളിൽ കാനനപാതയിലൂടെയുള്ള സ്വാമിമാരുടെ വരവേറുമെന്നാണ് അനുമാനിക്കുന്നത്.

(പി.ആർ. ശബരി-85)

## നീലിമലയിൽ തീർത്ഥാടകൻ മരിച്ചു

ശബരിമലയിൽ ദർശനത്തിനെത്തിയ തീർത്ഥാടകൻ ഹൃദയസ്തംഭനംമൂലം മരിച്ചു. ആന്ധ്രാ വിജയനഗർ സ്വദേശി കാമേശ്വരറാവു(40) ആണ് മരിച്ചത്. ഇന്ന് രാവിലെ 11.15ന് നീലിമല കയറവെ ഹൃദയസ്തംഭനം മൂലമാണ് മരിച്ചതെന്ന് പമ്പാ പോലീസ് വൃത്തങ്ങൾ അറിയിച്ചു. ആന്ധ്രയിൽ നിന്നെത്തിയ 28 പേരടങ്ങുന്ന സംഘത്തിൽ ഉൾപ്പെട്ടയാളാണ് കാമേശ്വരറാവു.

(പി.ആർ. ശബരി-86)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 27 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–2


ഫോൺ : 04735–202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com


# പതിവു തെറ്റിക്കാതെ താളവാദ്യ ഇന്ദ്രജാലക്കാരൻ അയ്യപ്പസന്നിധിയിലെത്തി

പതിവു തെറ്റിക്കാതെ തുടർച്ചയായ മുപ്പത്തിയഞ്ചാംവർഷവും തന്റെ പ്രിയപ്പെട്ട ദേവന് സംഗീതാർച്ചന അർപ്പിക്കാൻ ഡ്രംസിൽ ഇന്ദ്രജാലം തീർക്കുന്ന ലോകപ്രശസ്ത താളവാദ്യവിദഗ്ധൻ ആനന്ദൻ ശിവമണിയെത്തി. രാത്രി ഏഴരയോടെ സന്നിധാനതെത്തിയ ശിവമണി അയ്യപ്പനെ കണ്ട് വണങ്ങിയ ശേഷമാണ് വലിയനടപ്പന്തലിലുള്ള സ്റ്റേജിൽ സംഗീതാർച്ചന നടത്തിയത്. 1984 മുതൽ മുടങ്ങാതെ ശബരിമല ദർശനം നടത്തുന്നയാളാണ് ശിവമണി. ശിവമണിയെ കാണാനും ഡ്രംസിന്റെ താളം ആസ്വാദിക്കാനും എത്തിയ നിരവധി ഭക്തർ ശരണം വിളിച്ച് ഒപ്പംകൂടി. ഏഴാമത്തെ വയസിലാണ് ശിവമണി സംഗീതലോകത്ത് എത്തിയത്. തന്റെ എല്ലാ ഐശ്വര്യങ്ങൾക്കും കാരണം അയ്യപ്പസ്വാമിയാണെ് വിശ്വസിക്കുന്ന ശിവമണി ഭഗവാന്റെ കൃപയ്ക്ക് നന്ദി പറഞ്ഞാണ് സംഗീതാർച്ചന അവസാനിപ്പിച്ചത്. സന്നിധാനത്തെ വൃത്തിയെ പ്രശംസിച്ച അദ്ദേഹം പരിസ്ഥിതി സംരക്ഷിക്കണമെുന്നും പ്ലാസ്റ്റിക് ഉപേക്ഷിക്കണമെും ഭക്തരോട് പറയാനും മറന്നില്ല.

(പി.ആർ. ശബരി–87)

# ഹോട്ടൽ തൊഴിലാളികൾക്ക് ഹെൽത്ത്കാർഡ് നിർബന്ധമാക്കി

നിലയ്ക്കൽ ബേസ്ക്യാമ്പിലെ ഹോട്ടലുകളിലും സ്റ്റാളുകളിലും പരിശോധിച്ചതിൽ മിക്ക തൊഴിലാളികൾക്കും ആരോഗ്യകാർഡ് ലഭ്യമായിട്ടില്ലെന്നും ഐ.ഡി. കാർഡ് ധരിക്കാതെയാണ് ജോലി ചെയ്യുന്നതെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ഹോട്ടലുകളിലും സ്റ്റാളുകളിലും ജോലിചെയ്യുന്ന തൊഴിലാളികൾക്ക് നിർബന്ധമായി ആരോഗ്യകാർഡ് ലഭ്യമാക്കിയതിനുശേഷം മാത്രമെ പണിയ്ക്ക് നിർത്താവൂയെന്ന് കർശന നിർദേശം ഡ്യൂട്ടി മജിസ്ട്രേറ്റ് നൽകി.

കൂടാതെ പലകടകളിലും കുത്തകയിൽ പറയാത്ത സാധനങ്ങൾ വിറ്റുവരുന്നതായും ശ്രദ്ധയിൽപ്പെട്ടു. അത്തരം സാധനങ്ങൾ ഉടൻതന്നെ മാറ്റുന്നതിന് കർശന നിർദേശം നൽകി.

മിൽമാ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് കുത്തക ലഭിച്ച സ്റ്റാളിൽ നടത്തിയ പരിശോധനയിൽ മിൽമാ ഉൽപ്പന്നങ്ങൾ ഒന്നുംതന്നെ ലഭ്യമല്ലായിരുന്നു. ഈ സാഹചര്യത്തിൽ മിൽമാ ഉൽപ്പന്നങ്ങൾ മാത്രമെ വിൽക്കാവൂയെന്ന് കർശന നിർദേശം നൽകുകയും ഇത്തരം കടകൾ അടപ്പിക്കുകയും ചെയ്തതായി നിലയ്ക്കൽ ഡ്യൂട്ടി മജിസ്ട്രേറ്റ് അറിയിച്ചു.

(പി.ആർ. ശബരി–88)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.